പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4986

21/10/2011 -ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകൾ മുനിസിപ്പാലിറ്റി ആക്കി ഉയർത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി, ( ബഹു. വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| എ | സംസ്ഥാനത്തെ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിയാക്കി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ | ഭരണഘടനയുടെ 74-ാം ഭേദഗതി പ്രകാരമുള്ള ആർട്ടിക്കിൾ 243 ക്യൂ(1) (എ) അനുസരിച്ച് ഒരു പ്രദേശത്തെ ജനസംഖ്യയും അവിടുത്തെ ജനസാന്ദ്രതയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഉളവാകുന്ന റവന്യൂവും കാർഷികേതര പ്രവർത്തനങ്ങളിലുള്ള തൊഴിൽ ശതമാനവും സാമ്പത്തിക പ്രാധാന്യവും അല്ലെങ്കിൽ യുക്തമെന്ന് കരുതുന്ന മറ്റ് സംഗതികളും കണക്കിലെടുത്തുകൊണ്ട് 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡം പ്രകാരം ഒരു വിജ്ഞാപനം വഴി പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയായി ഉയർത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ ഇപ്പോൾ പ്രത്യേക മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. |
| ബി | പ്രസ്തുത മാനദണ്ഡങ്ങൾ ആർജിച്ച സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ബി | കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 4(2) പ്രകാരം ഏതെങ്കിലും പഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ മാറ്റം വരുത്തണമെങ്കിൽ അത് നിലവിലുള്ള ഭരണസമിതിയുടെ |

കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പ്രാബല്യത്തിൽ വരുത്താൻ കഴിയുകയുള്ളൂ. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2010 ലെ പൊതു തിരഞ്ഞെടുപ്പിനു ശേഷം ബന്ധപ്പെട്ട ഭരണസമിതികൾ 2010 നവംബർ 1-ാം തീയതി അധികാരമേറ്റു കഴിഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തുകൾ മുൻസിപ്പാലിറ്റികളാക്കി ഉയർത്താൻ തൽക്കാലം സർക്കാർ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ആഫീസർ